**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1342** **12-02-2025 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ പ്ലസ് മൊബൈൽ ആപ്ലിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ സമ്പൂർണ്ണ പ്ലസ് മൊബൈൽ ആപ്ലിക്കേഷന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും അതിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (എ) | കുട്ടികളുടെ ഡാറ്റാ സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്കൂളുകൾക്കുവേണ്ടി നടപ്പിലാക്കുന്ന ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റമാണ് 'സമ്പൂർണ'. വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിലെ വിവര ശേഖരണം 'സമ്പൂർണ'യിലൂടെ മാത്രം നടത്തുന്നതിനും 'സമ്പൂർണ'യിൽ സ്കൂൾ കുട്ടികളുടെ ഹാജർ, പഠന നിലവാരം, പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ 'സമ്പൂർണ' മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കേണ്ടതാണെന്ന് ഇത് നടപ്പിലാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ നിർദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 'സമ്പൂർണ'യ്ക്കൊപ്പം 'സമ്പൂർണപ്ലസ്' വെബ് പോർട്ടലും മൊബൈൽ ആപ്പ്-ഉം കൈറ്റ് സജ്ജമാക്കി സ്കൂളുകൾക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ആൻഡ്രോയിഡ് അധിഷ്ഠിത സ്മാർട്ട് ഫോണിൽ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് കൈറ്റ് ഔദ്യോഗികമായി റിലീസ് ചെയ്ത 'Sampoorna Plus' ഉപയോഗിക്കാവുന്നതാണ്. ഇതിൽ HM/Teacher/Parent എന്നിങ്ങനെ ഓരോരുത്തർക്കും റോൾ സെറ്റ് ചെയ്തിട്ടുണ്ട്. 'സമ്പൂർണ' ലോഗിൻ ഉപയോഗിച്ച് പ്രഥമാധ്യാപകർക്കും അധ്യാപകർക്കും ലോഗിൻ ചെയ്യാം. ആദ്യമായി 'സമ്പൂർണപ്ലസ്' ഉപയോഗിക്കുമ്പോൾ Sign up ചെയ്ത്, കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ 'സമ്പൂർണ'യിലേയ്ക്ക് നൽകുന്ന മൊബൈൽ ഫോൺ നമ്പരിലേയ്ക്ക് ലഭിക്കുന്ന otp ഉപയോഗിക്കണം. സ്കൂളിൽ നിന്ന് അയയ്ക്കുന്ന മെസേജുകൾ, ഹാജർ, മാർക്ക് ലിസ്റ്റ് തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | ഓരോ കുട്ടിയുടേയും പ്രൊഫൈലിൽ കാണാം. 'സമ്പൂർണപ്ലസ്'-ൽ രേഖപ്പെടുത്തുന്ന സ്കോർ ഉപയോഗിച്ച് സ്കൂൾ മുതൽ സംസ്ഥാനതലം വരെ വിശകലനം ചെയ്യുന്നതിനും തുടർപ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്താം. രക്ഷാകർത്താവിനും അധ്യാപകർക്കും ആശയവിനിമയം നടത്തുന്നതിനും മൊബൈൽ ആപ്പിലെ സൗകര്യം പ്രയോജനപ്പെടുത്താം. 'സമ്പൂർണപ്ലസ്'-ലെ ഫീച്ചറുകൾക്ക് സമാനമായ സ്വകാര്യ പ്ലാറ്റ്ഫോമുകൾ ചില സ്കൂളുകളെങ്കിലും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരം ആപ്ലിക്കേഷനുകൾ വിവര ചോർച്ചയ്ക്കും സാമ്പത്തിക നഷ്ടത്തിനും ഇടയാക്കും. അത് പരിഹരിക്കുന്നതിനുകൂടിയാണ് കൈറ്റ് 'സമ്പൂർണപ്ലസ്' വികസിപ്പിച്ച് സ്കൂളുകൾക്ക് സൗജന്യമായി ലഭ്യമാക്കിയത്. |

സെക്ഷൻ ഓഫീസർ